ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ എത്ര വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ആകെ എത്ര അന്തേവാസികൾ ഈ വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്നുണ്ട് ;

(ഡി) വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് ഭക്ഷണത്തിന് പ്രതിമാസം നൽകുന്ന തുക എത്രയാണ് ;

(ഇ) ഈ തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് കാലോചിതമായി തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തി ശുപാർശ സമർപ്പിക്കുവാൻ ഐ.എം.ജി.യെ ചുമതലപ്പെടുത്തി. അവർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. കൂടാതെ ഭരണ പരിഷ്ക്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശുപാർശകൾ സാമൂഹ്യക്ഷേമ വകുപ്പിലും നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ കളമശ്ശേരിയിലെ രാജഗിരി കോളേജും, വകുപ്പിലെ ഏതാനും സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ചുവരികയാണ്. സാമൂഹ്യക്ഷേമ ഡയറക്ടറേറ്റും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു. അഗതി പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി.

(ബി) 13 വൃദ്ധമന്ദിരങ്ങൾ.

(സി) 319 അന്തേവാസികൾ

(ഡി) 250 രൂപ

(ഇ) നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

പരമ്പരാഗത ഫിഷ്ലാന്റിംഗ് സെന്റർ

7 (*414) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പരമ്പരാഗത ഫിഷ്ലാന്റിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പുതിയ പരമ്പരാഗത ഫിഷ് ലാന്റിംഗ് സെന്ററുകൾ കൂടുതൽ നിർമ്മിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) ഏതൊക്കെ മേഖലകളിലാണ് പരമ്പരാഗത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന പരമ്പരാഗത ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ ഏതെങ്കിലും ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനകരമല്ലെന്ന് കണ്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കാട്ടൂർപൊള്ളത്താട്, എടിക്കുളം (മൊയലാളി കടപ്പുറം), കടപ്ര, പുന്നപ്ര തിക്കോട്ടി, കാഞ്ഞങ്ങാട്, പൂവാർ, പൂന്തുറ, പുല്ലുവിള, മരിയനാട്, പരവൂർ, ചെമ്പ്, ഉദയംപേരൂർ, നായരംബലം എന്നിവിടങ്ങളിൽ.

(സി) ഉണ്ട്. പരമ്പരാഗത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിന് പ്രത്യേക പഠനം ആവശ്യമില്ല.

(ഡി) പരമ്പരാഗത മേഖലയിൽ ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുള്ള മേഖലകളുടെ ലിസ്റ്റ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ഇ) മുൻഗണനാക്രമത്തിൽ പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആയതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകാരം നല്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(എഫ്) പരമ്പരാഗത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

1. വിഴിഞ്ഞം സൗത്ത്.
2. ആർത്തുങ്കൽ.
3. വെള്ളയിൽ ബീച്ച്.
4. വള്ളിക്കുന്ന്.
5. കൊയിലാണ്ടി
6. ചാലിഗോപാലപേട്ട
7. പുന്നപ്ര.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രവൽകൃത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

1. തോട്ടപ്പള്ളി
2. മുനയ്ക്കക്കടവ്
3. ചേറ്റുവായ്
4. ധർമ്മടം
5. ന്യൂമാഹി
6. കാസർഗോഡ്
7. നീലേശ്വരം
8. ചെറുവത്തൂർ

(ജി) ഉണ്ട്.

1. വള്ളിക്കുന്ന്.
2. കാസർഗോഡ്.

പ്രതിമാസ സർവ്വെ അദാലത്തുകൾ

8 (*415) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഉടമകളുടെ പരാതികൾ പരിഹരിക്കുന്നതിന് വില്ലേജുകൾതോറും പ്രതിമാസ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര സർവെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ അദാലത്തുകളിലെല്ലാംകൂടി എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ശേഷിക്കുന്ന പരാതികൾക്കുകൂടി പരിഹാരം കണ്ടെത്തുന്നതിന് കൂടുതൽ അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി : (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഇതുവരെ 589 വില്ലേജുകളിൽ പ്രതിമാസ സർവെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) 31-3-2000 വരെ 2,02,637 പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly